**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1603** **15-03-2022 - ൽ മറുപടിയ്ക്ക്**

**മുണ്ടേരി അഗ്രി ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരി പഞ്ചായത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന അഗ്രി ഫാമിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര കാർഷിക വികസനത്തിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ നിർദ്ദേശങ്ങളാണ് "മുണ്ടേരി അഗ്രി ഫാം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു കോടി അടങ്കൽ തുകയുള്ള ഈ പദ്ധതി നിർദ്ദേശത്തിൽ കൃഷി വകുപ്പിന്റെ വിഹിതം 40 ലക്ഷം രൂപയാണ്. 60 ലക്ഷം മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ് എന്നീ വകുപ്പുകളുടെ വിഹിതമാണ്. ഈ പദ്ധതിയ്ക്കായി 2021-22 വർഷത്തെ ബഡ്ജറ്റിൽ പ്രത്യേകമായി തുക ഉൾക്കൊള്ളിക്കാത്തതിനാലാണ് പദ്ധതി ആരംഭിക്കുവാൻ സാധിക്കാത്തത്. എന്നാൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാർഷിക മേഖലയുടെ വികസനത്തിനായുള്ള നിർദ്ദേശങ്ങൾ കൃഷി വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാർഷിക വികസന പദ്ധതികളിൽ വിവിധ ഘടകങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത അഗ്രി ഫാമിന്റെ നിർമ്മാണ പുരോഗതിയിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) | മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര കാർഷിക വികസനത്തിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ നിർദ്ദേശങ്ങളാണ് "മുണ്ടേരി അഗ്രി ഫാം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു കോടി അടങ്കൽ തുകയുള്ള ഈ പദ്ധതി നിർദ്ദേശത്തിൽ കൃഷി വകുപ്പിന്റെ വിഹിതം 40 ലക്ഷം രൂപയാണ്. 60 ലക്ഷം മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ് എന്നീ വകുപ്പുകളുടെ വിഹിതമാണ്. ഈ പദ്ധതിയ്ക്കായി 2021-22 വർഷത്തെ ബഡ്ജറ്റിൽ പ്രത്യേകമായി തുക ഉൾക്കൊള്ളിക്കാത്തതിനാലാണ് പദ്ധതി ആരംഭിക്കുവാൻ സാധിക്കാത്തത്. എന്നാൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാർഷിക മേഖലയുടെ വികസനത്തിനായുള്ള നിർദ്ദേശങ്ങൾ |

| | | | |
|---|---|---|---|
| | | | കൃഷി വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാർഷിക വികസന പദ്ധതികളിൽ വിവിധ ഘടകങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ